**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5287</u>** **<u>15-03-2023 - ൽ മറുപടിയ്ക്ക്</u>**

**<u>മഴമറ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | മഴക്കാലത്ത് പച്ചക്കറി കൃഷി നടത്താൻ ആവശ്യമായ മഴമറകൾ നിർമ്മിക്കുന്നതിന് നിലവിലുള്ള പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് "ഞങ്ങളും കൃഷിയിലേക്ക്" എന്ന ക്യാമ്പയിനിന്റെ ഭാഗമായി 'സമഗ്ര പച്ചക്കറി വികസന പദ്ധതി' ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ ഒരു മുഖ്യഘടകമാണ് മഴമറയിലെ പച്ചക്കറി കൃഷി.<br><br>മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്റർ ഉള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. നടപ്പ സാമ്പത്തിക വർഷം മഴമറ നിർമ്മിക്കുന്നതിന് സഹായധനമായി 506.430 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. ആയതിനു അതാത് കൃഷി ഭവനുകൾ വഴി കർഷകർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ